**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5873** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഉപ്പള കെ.എസ്.ഇ.ബി. സെക്ഷൻ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി. സെക്ഷനിൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ എത്ര ഉപഭോക്താക്കളാണ് വർദ്ധിച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് കണക്ക് ലഭ്യമാക്കുമോ; ഇത് സംസ്ഥാന ശരാശരിയേക്കാളും കൂടുതലാണോ; വ്യക്തമാക്കുമോ; | (ബി) | ഉപ്പള സെക്ഷൻ ഓഫീസിനു കീഴിൽ 2015-16 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള ഉപഭോ ക്താക്കളുടെ എണ്ണവും ഓരോ വർഷവും ഉപഭോക്താക്കളുടെ എണ്ണത്തിൽ ഉണ്ടായ വർധനവും അനുബന്ധമായി ചേർത്തിരിക്കുന്നു ചില സാമ്പത്തിക വർഷങ്ങളിൽ ഉപഭോക്താക്കളുടെ വർദ്ധനവ് ആ വർഷത്തെ സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. |
| (സി) | ഉപ്പള കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീ സുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. വൈദ്യുതി ചാർജ്ജ് അടക്കുന്നതിന് നിരവധി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും, വൈദ്യുതി സംബ ന്ധമായ സേവനങ്ങൾക്ക് ഓഫീസിൽ പോകാതെ തന്നെ ലഭ്യമാക്കുന്നതിന് "സേവനം വാതിൽ പടിയിൽ" എന്ന പദ്ധതി കേരളത്തിലുടനീളം നടപ്പിലാക്കിയതും മൂലം പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യം തൽക്കാലം ഇല്ല എന്നതാണ് ബോർഡിന്റെ നിലപാട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **വർഷം** | **ഉപഭോക്താക്കൾ** | **വർദ്ധനവ്** |
|---|---|---|
| 2015-16 | 19361 | - |
| 2016-17 | 20123 | 762 |
| 2017-18 | 20995 | 872 |
| 2018-19 | 21678 | 683 |
| 2019-20 | 22218 | 540 |
| 2020-21 | 23062 | 844 |
| 2021-22 | 23410 | 348 |